സിവിൽ സർവ്വീസ് മേഖലയിലെ പ്രശ്നങ്ങൾ

14 (3517) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഐ.ആർ.എസ്. ഉദ്യോഗസ്ഥരുൾപ്പെടെയുള്ള സിവിൽ സർവ്വീസ് ഉദ്യോഗസ്ഥ മേഖല അഴിമതി രഹിതവും കാര്യക്ഷമവും ആക്കാനും ആഭ്യന്തര പ്രശ്നങ്ങൾ ഒഴിവാക്കാനും നിയമന നടപടികൾ സുതാര്യമാക്കാനും നാളിതുവരെ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ഡി.ജി.പി എന്നിവരെ സംബന്ധിച്ച് പരാതിപ്പെട്ട ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്., ഐ.ആർ.എസ്. ഉദ്യോഗസ്ഥർ ആരെല്ലാം; ഇവരുടെ ഓരോരുത്തരുടെയും പരാതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) 2015 കാലയളവിൽ ഏതെല്ലാം ഐ.പി.എസ്. ഉദ്യോഗസ്ഥർ ഡി.ജി.പി. റാങ്കിൽ എത്തി; ഇവരിൽ ആർക്കെല്ലാം ഡി.ജി.പി. റാങ്കിൽ വേതനം ലഭിക്കുന്ന തസ്തികകളിൽ നിയമനം നല്കി; ആർക്കെല്ലാം നല്കിയില്ല; വ്യക്തമാക്കുമോ ;

(ഡി) ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിക്കേണ്ടുന്നിടത്ത് എ.ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിച്ചത് സംബന്ധിച്ച് ഡി.ജി.പി. റാങ്കിലുള്ള ഏതെല്ലാം ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിക്കും, മുഖ്യമന്ത്രിക്കും, ആഭ്യന്തര മന്ത്രിക്കും പരാതി നല്കി; ഇതിന്മേൽ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനായി കേന്ദ്രസർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുന്നുണ്ട്. കൂടാതെ സിവിൽ സർവ്വീസ് മേഖല അഴിമതി രഹിതമാക്കാനും ആഭ്യന്തര പ്രശ്നങ്ങൾ ഒഴിവാക്കാനും ഉദ്യോഗസ്ഥരെ നിരീക്ഷിക്കുകയും അഴിമതിക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഐ.എ.എസ്. ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ നിയമന നടപടികൾ സുതാര്യമാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു സിവിൽ സർവ്വീസ് ബോർഡ് നിലവിലുണ്ട്.

(ബി) ബഹു. മുഖ്യമന്ത്രിക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ ഡി.ജി.പി.-യും കേരള ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ചീഫ് മാനേജിംഗ് ഡയറക്ടറുമായ ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. (KL:1985) അനുമതി ആവശ്യപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ബഹു. മുഖ്യമന്ത്രി മാധ്യമങ്ങളിൽക്കൂടി നടത്തിയ പ്രസ്താവനകൾ പിൻവലിക്കാത്തപക്ഷം നിയമ നടപടി സ്വീകരിക്കുവാൻ അനുവാദം ചോദിക്കുകയുണ്ടായി. മറ്റ് ഉദ്യോഗസ്ഥരിൽനിന്ന് ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(സി) 30-05-2015-ലെ സ.ഉ. (ആർ.റ്റി.) നമ്പർ 4040/15/GAD ഉത്തരവ് പ്രകാരം 30 വർഷം സേവനം പൂർത്തിയാക്കിയ ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. (KL1985) ശ്രീ. ലോക്നാഥ് ബെഹ്റ ഐ.പി.എസ്. (KL1985) എന്നിവർക്ക് 1-6-2015 മുതൽ ഡി.ജി.പി. റാങ്കിൽ പ്രൊമോഷൻ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉദ്യോഗസ്ഥർക്ക് 1-6-2015 മുതൽ അക്കൗണ്ടന്റ് ജനറൽ (A&E) പേ സ്ലിപ്പ് നൽകുകയും വേതനം ലഭിക്കുകയുമുണ്ടായി. മാത്രമല്ല 2-12-2015-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 8644/ISGAD ഉത്തരവ് പ്രകാരം 30 വർഷം പൂർത്തിയായ ശ്രീ. ഋഷി രാജ് സിംഗ് ഐ.പി.എസ്. (KL:1985)-ന് ഡി.ജി.പി. റാങ്കിൽ പ്രൊമോഷൻ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉദ്യോഗസ്ഥന് പേ സ്ലിപ് നൽകുന്നതിനുള്ള നടപടികൾ അക്കൗണ്ടന്റ് ജനറൽ (A&E) സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് നിലവിൽ ഡി.ജി.പി. റാങ്കിൽ 2 കേഡർ തസ്തികകളാണുള്ളത്.

(I) Director General of Police and Head of Police Force.

(ii) Director, Vigilance & Anti-Corruption Bureau.

ഐ.പി.എസ്. കേഡർ റൂൾസ് പ്രകാരം 1:1 അനുപാതത്തിൽ ഡി.ജി.പി. റാങ്കിൽ 2 കേഡർ തസ്തികകൾക്ക് പുറമെ 2 എക്സ് കേഡർ തസ്തികകൾ കൂടി സർക്കാരിന് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഡി.ജി.പി. റാങ്കിലുള്ള കേഡർ തസ്തികയായ ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഒഴിച്ചിട്ട് ശ്രീ. ഋഷി രാജ് സിംഗ് ഐ.പി.എസിനെ പ്രിസൺസ് ഡയറക്ടർ ജനറൽ ആയും ശ്രീ. ലോക്നാഥ് ബെഹ്റയെ ഫയർ &റെസ്ക്യൂ സർവ്വീസ് ഡയറക്ടർ ജനറൽ ആയും മാറ്റി നിയമിച്ചതിൽ പ്രസ്തുത ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിക്ക് പരാതി നൽകുകയുണ്ടായി. ഉദ്യോഗസ്ഥർ അവരെ നിയമിച്ച തസ്തികകളിൽ ഇപ്പോൾ ജോലി ചെയ്തുവരികയാണ്. പരാതികളിന്മേൽ മറ്റു നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

സർക്കാർ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ

15 (3518) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സെക്രട്ടേറിയറ്റിൽ നിന്നും വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും ബോർഡുകളിലും ജോലിചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly